# പതിനഞ്ചാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജൂൺ 10, തിങ്കൾ

**നമ്പർ 132**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

സഭാ നടപടികൾ ആരംഭിക്കുന്നതിനുമുമ്പ് ദേശീയഗാനം ആലപിക്കുകയുണ്ടായി.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ചോദ്യോത്തരവേളയ്ക്കുശേഷം അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോയ്ക്കുവേണ്ടി രാവിലെ 10.00-ന് സ്പീക്കർ സഭ താത്കാലികമായി നിർത്തിവച്ചു.]

രാവിലെ 10.40-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ പുനഃരാരംഭിച്ചു.

അനുമോദനം :

സരസ്വതി സമ്മാൻ പുരസ്കാരം ലഭിച്ച ശ്രീ. പ്രഭാ വർമ്മയെ അനുമോദിച്ചുകൊണ്ട് സ്പീക്കർ പരാമർശം നടത്തി.

ചെയർപേഴ്സൺമാരുടെ പാനൽ :

നടപ്പുസമ്മേളനത്തിലെ ചെയർപേഴ്സൺമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു.

1. ശ്രീ. വി. കെ. പ്രശാന്ത്
2. ശ്രീ. ജി. എസ്. ജയലാൽ
3. ശ്രീ. ടി. സിദ്ദിഖ്.

KNPP. 617/2024(i).

<u>സഭാ നടപടികൾ നിറുത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം</u> :

സംസ്ഥാനത്തെ മദ്യനയം അട്ടിമറിച്ചുവെന്നും അതിനായി നടത്തിയ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ പുറത്തുവന്നിട്ടും കാര്യക്ഷമമായ അന്വേഷണം നടത്തിയിട്ടില്ലെന്നും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിറുത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നല്കിയിരുന്നു. തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, ബാനറും പ്ലക്കാർഡുകളും ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.)

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

1. സംസ്ഥാനത്ത് ദേശീയപാതാ നിർമ്മാണവും അനുബന്ധ വികസന പ്രവർത്തനങ്ങളും നടക്കുന്നതുമൂലം ഉണ്ടാകുന്ന ട്രാഫിക് പ്രശ്നങ്ങളിലേക്കും അപകടങ്ങളിലേക്കും ശ്രീ. ടി. പി. രാമകൃഷ്ണൻ പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വെള്ളപ്പൊക്കത്തിൽ നിന്നും വൈപ്പിൻകരയെ സംരക്ഷിക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. വി. സുമേഷ് | അഴീക്കൽ-മാട്ടൂൽ-ഫെറി, പറശ്ശിനി-അഴീക്കൽ-മാട്ടൂൽ സർവ്വീസിനായി പുതിയ ബോട്ടുകൾ അനുവദിക്കുന്നതിന് നടപടി | ഗതാഗത വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 3 | ശ്രീ. ഇ. ചന്ദ്രശേഖരൻ | അജാനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. ആർ. സുനിൽ കുമാർ | ഭിന്നശേഷിക്കാരായ ഡിഗ്രി വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ നിയോഗിക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട അധ്യാപകർക്ക് നൽകുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. പി. സുമോദ് | പുതുക്കോട് സർവ്വജന ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. രാജഗോപാലൻ | കാസർകോട്ടെ വീരമലക്കുന്നിന്റെ സംരക്ഷണം | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

(i) സബ്ജക്ട് കമ്മിറ്റി I മുതൽ സബ്ജക്ട് കമ്മിറ്റി XIV വരെയുള്ള സമിതികളുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമർപ്പിച്ചു.

(ii) വനമേഖലയിലെ ഇക്കോട്ടൂറിസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X- ന്റെ പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചു.

<u>നിയമനിർമ്മാണകാര്യം</u> :

<u>2024 - ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024 - ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവയുടെ അവതരണവും അനന്തരഘട്ടങ്ങളും</u>

(2024 - ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024 - ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ അവതരിപ്പിച്ച ദിവസം തന്നെ പാസ്സാക്കുന്നതിലേക്കായി തദ്ദേശസ്വയം

ഭരണം-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1), 77, 237 എന്നിവ താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ഉപക്ഷേപം സഭ അംഗീകരിച്ചു.)

തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് 2024 - ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024 - ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ എന്നിവ അവതരിപ്പിച്ചു. പ്രസ്തുത ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപവും അവതരിപ്പിക്കപ്പെട്ടു. തുടർന്ന്, ബില്ലുകൾ ചർച്ച കൂടാതെ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും പാസ്സാക്കുകയും ചെയ്തു.

2024 ജൂൺ 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.35-ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, June 10, 2024*

**No. 132**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

National Anthem was sung before the commencement of the proceedings.

*Questions* :

Four Questions in the list of Questions posted for the day were answered orally.

[The Speaker temporarily adjourned the House at 10.00 a.m. for a group photo session of the Members.]

The House re-assembled at 10.40 a.m. with Mr. Speaker in the Chair.

*Felicitation*:

The Speaker made a reference felicitating Shri. Prabha Varma who was awarded Saraswati Samman.

*Panel of Chairpersons* :

The following Members were nominated to the Panel of Chairpersons for the current Session of the Assembly.

1. Shri V. K. Prasanth

2. Shri G. S. Jayalal

3. Shri T. Siddique.

KNPP. 617/2024(ii).

*Adjournment Motion* :

After hearing the Minister for Local Self Governments and Excise the Speaker withheld consent to the moving of an adjournment motion given notice of by Shri Roji M. John and five other Members to the situation that State's liquor policy is said to have been subverted and no effective investigation has been carried out despite revelations of illegal activities.

(As a mark of protest against the attitude of the Government in the matter, the Members belonging to the Opposition started shouting slogans, hoisted banner, placards and tried to disrupt the proceedings.)

*Calling Attention* :

1. Shri. T. P. Ramakrishnan called the attention of the Minister for Public Works and Tourism to the traffic problems and accidents due to ongoing works of National Highways and allied development work in the State. The Minister made a statement thereto.

(The Second notice listed in the List of Business was not moved. The members belonging to the opposition continued their protest.)

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വെള്ളപ്പൊക്കത്തിൽ നിന്നും വൈപ്പിൻകരയെ സംരക്ഷിക്കുന്നതിന് നടപടി | ജലവിഭവ വകുപ്പമന്ത്രി |
| 2 | ശ്രീ. കെ. വി. സുമേഷ് | അഴീക്കൽ-മാട്ടൂൽ-ഫെറി, പറശ്ശിനി-അഴീക്കൽ-മാട്ടൂൽ സർവ്വീസിനായി പുതിയ ബോട്ടുകൾ അനുവദിക്കുന്നതിന് നടപടി | ഗതാഗത വകുപ്പമന്ത്രി |

| | | | |
|---|---|---|---|
| 3 | ശ്രീ. ഇ. ചന്ദ്രശേഖരൻ | അജാനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. ആർ. സുനിൽ കുമാർ | ഭിന്നശേഷിക്കാരായ ഡിഗ്രി വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ നിയോഗിക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട അധ്യാപകർക്ക് നൽകുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. പി. സുമോദ് | പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. രാജഗോപാലൻ | കാസർകോട്ടെ വീരമലക്കുന്നിന്റെ സംരക്ഷണം | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports* :

(i) The Fourth Report of the Subject Committee – I to XIV on the Scrutiny of demands for grants for 2024-25 were presented.

(ii) Special Report on Ecotourism in Forest areas of the Subject Committee – X was presented.

*Legislative Business* :

<u>Introduction and further stages of The Kerala Municipality (Second Amendment) Bill, 2024 and The Kerala Panchayat Raj (Second Amendment) Bill, 2024</u>

(Shri. M. B. Rajesh, Minister for Local Self Governments and Excise moved a motion to take into consideration and pass The Kerala Municipality (Second Amendment) Bill, 2024 and The Kerala Panchayat Raj (Second Amendment) Bill,

2024 on the date of introduction itself without referring them to the Subject Committee by suspending Rule 76 (1), 77 and 237. The House adopted the motion.)

Shri. M. B. Rajesh, Minister for Local Self Governments and Excise introduced The Kerala Municipality (Second Amendment) Bill, 2024 and The Kerala Panchayat Raj (Second Amendment) Bill, 2024 and moved that the Bills be taken into consideration. Then, the Bills were taken up for clause by clause consideration and passed without discussion.

The House adjourned at 12.35 p.m. to meet again at 9.00 a.m. on Tuesday June 11, 2024.

DR. N. KRISHNA KUMAR,
*Secretary.*